# Malayala Manorama

# 17 August 2018

# Thiruvananthapuram, Flood, Rescue Operation

# വരുന്നു, സേനയുടെ 40 സംഘങ്ങൾ കൂടി

മനോരമ ലേഖകൻ

തിരുവനന്തപുരം • രക്ഷാപ്രവർത്തനത്തിനു ദേശീയ ദുരന്ത നിവാരണ സേനയുടെ 40 സംഘങ്ങൾകൂടി സംസ്ഥാനത്തെത്തുന്നു. കര, നാവിക, വ്യോമ സേനകളുടെയും ദുരന്ത നിവാരണ സേനയുടെയും 52 സംഘങ്ങളാണ് ഇന്നലെ രാവിലെ വരെ രംഗത്തുണ്ടായിരുന്നത്.

കര, വ്യോമസേനകളുടെ 10 ഹെലികോപ്റ്ററുകൾ വീതം ഇന്നലെ ഉച്ചയോടെ എത്തി. വ്യോമസേനയുടെ നാല് ഹെലികോപ്റ്ററുകൾ ബുധനാഴ്ച രംഗത്തിറങ്ങിയിരുന്നു. നാവിക സേന നാല് ഹെലികോപ്റ്ററുകൾ കൂടി അയയ്ക്കും. മറൈൻ കമാൻഡോകളെയും നാവിക സേന രംഗത്തിറക്കുന്നുണ്ട്. കോസ്റ്റ് ഗാർഡിന്റെ രണ്ടുകപ്പലുകൾ കൊച്ചിയിലേക്ക് നീങ്ങുന്നുണ്ട്. ഇവരുടെ രണ്ട് ജെമിനി സംഘങ്ങളുമുണ്ടാകും. 200 ലൈഫ് ബോയിയും 250 ലൈഫ് ജാക്കറ്റുകളും ഉടൻ എത്തിക്കും. ലൈഫ് ജാക്കറ്റുകൾ ഇനിയുമെത്തിക്കാൻ നടപടിയെടുത്തിട്ടുണ്ട്. രക്ഷാപ്രവർത്തനത്തിന് നാട്ടിലുള്ള ബോട്ടുകളും ഉപയോഗപ്പെടുത്തും. മോട്ടോർ ഘടിപ്പിച്ച ബോട്ടുകൾ ലഭ്യമാക്കാൻ ബോട്ടുടമകൾ തയാറാകണം.

ഭക്ഷ്യധാന്യങ്ങളുമായി നാലു വിമാനങ്ങൾ തിരുവനന്തപുരത്ത് എത്തി. കേന്ദ്രസർക്കാർ നൽകുന്ന അരി, പഞ്ചസാര തുടങ്ങിയവയടക്കമുള്ള ഭക്ഷ്യധാന്യങ്ങളുമായാണ് വിമാനങ്ങൾ എത്തിയിരിക്കുന്നത്. ദുരിതാശ്വാസപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ഉദ്യോഗസ്ഥർ അവധിദിവസങ്ങളിലും രംഗത്തുണ്ടാകണമെന്നും ഇതു പിന്നീട് ഡ്യൂട്ടിയായി കണക്കാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. പ്രധാനമന്ത്രി, കേന്ദ്ര പ്രതിരോധ, ആഭ്യന്തരമന്ത്രിമാർ എന്നിവരുമായി ആശയവിനിമയം നടത്തിയതായി മുഖ്യമന്ത്രി പറഞ്ഞു. ചീഫ് സെക്രട്ടറി, കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയെ വീഡിയോ കോൺഫറൻസ് വഴി വിവരങ്ങൾ ധരിപ്പിച്ചു.